AMLP SCHOOL KARIMPUZHA

ESTD:1927

Knowledge Is Power

# എ എം എൽ പി സ്കൂൾ കരിമ്പുഴ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



# ആമുഖം

വിദ്യാഭ്യാസത്തിന്റെ സമഗ്ര ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തു എന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ഉദ്ദേശിക്കുന്നത്. അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും എല്ലാം മികവ് വർദ്ധിപ്പിക്കേണ്ടതുണ്ട്.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

# പ്രകൃതിയെ അറിയാം

പ്രകൃതിയിലൂടെയാണ് ഓരോ പഠനവും നടക്കുന്നത്. പഠനത്തോടൊപ്പം ചുറ്റുപാടും പരിസരവും കോർത്തിണക്കി കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

## ലക്ഷ്യം

- പ്രകൃതി പഠനം സാധ്യമാക്കുക
- കുട്ടിയുടെ ചിന്തയും ഭാവനയും ഉണർത്തുന്നതിന്

## പ്രവർത്തനം

- ഫീൽഡ് ട്രിപ്പ്
- കൃഷി രീതികൾ പരിചയപ്പെടാം

# ആദ്യാക്ഷരം

രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, വിരമിച്ച അധ്യാപകർ എന്നിവരുടെ സഹായത്തോടെ വിദ്യാലയത്തിൽ കുട്ടികൾക്കായി ഒരു പാർക്ക് നിർമ്മിക്കുന്നു.

## ലക്ഷ്യം

- ➔ കുട്ടികളുടെ ശാരീരിക മാനസിക ഉല്ലാസത്തിന്
- ➔ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക

## കാലയളവ്

- ➔ 2 മാസം

## പിന്തുണ

- ➔ പിടിഎ
- ➔ പൂർവ്വ വിദ്യാർത്ഥി സംഘടന

# GRANT PARENTS DAY

വിദ്യാലയത്തിൽ കുട്ടിയുടെ കൂടെ മുത്തശ്ശനും മുത്തശ്ശിയും കൂടി ഒരു ദിനം ചെലവഴിക്കുന്നു. നമ്മുടെ ജീവിതത്തിൽ ഇവർക്കുള്ള പങ്ക് വളരെ വലുതാണ്. ഇവരെ ആദരിക്കാൻ കൂടിയുള്ള ഒരു ദിനം കൂടിയാണിത്.

## ലക്ഷ്യം

- വ്യക്തിപരമായ പ്രത്യേക കഴിവുകൾ കണ്ടെത്തുന്നതിന്.

## പ്രവർത്തനം

- Grant parents നെ ആദരിക്കൽ
- അനുഭവങ്ങൾ പറയൽ.

## പിന്തുണ

- പി. ടി. എ
- SRG

## കാലയളവ്

- സെപ്റ്റംബർ മാസം

# കിളിക്കൊഞ്ചൽ

3 മുതൽ 5 വയസ്സ് വരെയുള്ള കുട്ടികളെ എഴുത്തിലേക്കും വായനയിലേക്കും എത്തിക്കുന്നതിനു മുമ്പ് അവരിൽ മാനസികവും ബുദ്ധിപരവും ആരോഗ്യപരവും ആയ പ്രവർത്തനങ്ങൾ നല്ലതാണ്.

## ലക്ഷ്യം

- ശാരീരിക മാനസികോല്ലാസം വളർത്തുന്നതിന്.
- വ്യക്തിപരമായ പ്രത്യേക കഴിവുകൾ കണ്ടെത്തുന്നതിന്.
- കുട്ടികളിൽ ക്ഷമാശീലവും അടുക്കും ചിട്ടയും വളർത്തുന്നതിന്.

## പ്രവർത്തനങ്ങൾ

- കളറിംഗ്
- ചിത്രരചന
- പേപ്പർ ഒറിഗാമി
- Rainy day
- കളേഴ്സ് ഡേ
- ഫ്രൂട്സ് ഡേ

# ആരോഗ്യം സമ്പത്ത്

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. ശരിയായ ആഹാരം കഴിക്കുന്നതിലൂടെ ശരീരത്തിന് ആവശ്യമായ പോഷകങ്ങൾ ലഭിക്കുന്നു. പോഷക സമ്പുഷ്ടമായ നാടൻ വിഭവങ്ങൾ പരിചയപ്പെടുത്തുന്നതിനായി ഭക്ഷ്യമേള.

## ലക്ഷ്യം.

- നാടൻ വിഭവങ്ങളെ തിരിച്ചറിയൽ
- നല്ല ആഹാര ശീലങ്ങൾ മനസ്സിലാക്കൽ

## പ്രവർത്തനങ്ങൾ

- Drink fest
- Food fest

## ചുമതല

- SRG
- PTA

# മാലിന്യസംസ്കരണം

മാലിന്യസംസ്കരണം സ്കൂളുകളിൽ അത്യാവശ്യമാണ്. ഇത് പരിസ്ഥിതിയെ സംരക്ഷിക്കാനും ശുചിത്വം പാലിക്കാനും സഹായിക്കുന്നു.ശരിയായ മാലിന്യസംസ്കരണ രീതികൾ സ്കൂളുകളിൽ നടപ്പാക്കുന്നതിലൂടെ മാത്രമേ നല്ലൊരു മാലിന്യസംസ്കരണ ശീലം കുട്ടികളിൽ വളർത്തിയെടുക്കാൻ സാധിക്കൂ.

## പ്രവർത്തനങ്ങൾ

- മാലിന്യസംസ്കരണത്തെക്കുറിച്ചുള്ള ക്ലാസുകൾ.
- മത്സരങ്ങൾ സംഘടിപ്പിക്കൽ.

## പിന്തുണ

- പി ടി എ.
- ഗ്രാമപഞ്ചായത്ത്.

## കാലയളവ്

- വർഷം മുഴുവൻ

# വായനക്കൂട്ട്

വായനയുടെ പ്രാധാന്യം വളരെ വലുതാണ്. അറിവ് നേടാനും ഭാവനയും സർഗ്ഗാത്മക ശേഷിയും വളർത്താനും, ഭാഷാപരമായ കഴിവുകൾ മെച്ചപ്പെടുത്താനും വായന സഹായിക്കുന്നു.

## ലക്ഷ്യം

- കുട്ടികൾക്ക് വായനയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിന്.
- വായന ശീലം സൃഷ്ടിക്കുന്നതിന്.
- എല്ലാവരെയും മികച്ച വായനക്കാരാക്കൽ

## പ്രവർത്തനങ്ങൾ

- പുസ്തക പരിചയം.
- വായനാക്കുറിപ്പ് തയ്യാറാക്കൽ.
- ക്ലാസിലൊരു ലൈബ്രറി.
- അമ്മ വായന.
- സ്കൂൾ പത്രം.

## പിന്തുണ

- എസ് ആർ ജി.
- പി ടി എ.
- ബി ആർസി.

# ഈസി ഇംഗ്ലീഷ്

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് വർധിപ്പിക്കുക എന്നതാണ് ഈസി ഇംഗ്ലീഷ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷ പറയാനും എഴുതാനുമുള്ള കഴിവ് വർധിപ്പിക്കുക.

## പ്രവർത്തനങ്ങൾ

- ഇംഗ്ലീഷ് അസംബ്ലി
- വിദ്യാലയത്തിൽ ആശയവിനിമയം പരമാവധി ഇംഗ്ലീഷിൽ ആക്കുന്നു
- ഇംഗ്ലീഷിലുള്ള പഠനാന്തരീക്ഷം ഒരുക്കുക
- സ്പോക്കൺ ഇംഗ്ലീഷ്
- Oneday oneword
- English Fest

## പിന്തുണ സാമ്പത്തിക സ്രോതസ്

- എസ് ആർ ജി
- പി ടി എ

## കാലയളവ്

- വർഷം മുഴുവൻ

# ജൈവവൈവിധ്യ ഉദ്യാനം

വിദ്യാലയത്തിനു ചുറ്റുമുള്ള ജൈവ വൈവിധ്യങ്ങളെ അറിയുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ട താല്പര്യം വിദ്യാർത്ഥികളിൽ വളർത്തുക, പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് അവബോധം ജനിപ്പിക്കുക എന്നി കാര്യങ്ങൾ ആണ് ജൈവ വൈവിധ്യ ഉദ്യാനം എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് .

## പ്രവർത്തനം

- ഉദ്യാനത്തിലെ കുളം നവീകരിക്കുക
- കുളത്തിൽ വിവിധ ജലസസ്യങ്ങളും മത്സ്യങ്ങളും ഒരുക്കുക
- വിദ്യാലയത്തിനു ചുറ്റും പൂച്ചെടികൾ നട്ടു വളർത്തുക
- ഔഷധത്തോട്ട നിർമ്മാണം
- ആവാസ വ്യവസ്ഥകൾ പരിചയപ്പെടുത്തുക

## പിന്തുണ സാമ്പത്തിക സ്രോതസ്സ്

- എസ് ആർ ജി
- പി ടി എ

## കാലയളവ്

- വർഷം മുഴുവൻ

# ഒരു ദിനം ഒരറിവ്

ഇന്നത്തെ കാലഘട്ടത്തിൽ പൊതുവിജ്ഞാനം കൂടിയേ തീരൂ. കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കാനായി ദിവസത്തിൽ ഒരു ചോദ്യവും ഉത്തരവും നൽകുന്നു.

## ലക്ഷ്യങ്ങൾ

- കുട്ടികളിൽ പൊതു വിജ്ഞാനം വളർത്തുക

## പ്രവർത്തനം

ഓരോ ദിവസും ഒരു ചോദ്യവും ഉത്തരവും നൽകുന്നു. മാസത്തിലൊരിക്കൽ ചോദ്യങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

## കാലയളവ്

- വർഷം മുഴുവൻ

## ഗണിതം - മധുരം

നിത്യജീവിതവുമായി ബന്ധപ്പെട്ട് ഗണിതത്തിന്റെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ഗണിതം യുക്തിയുടെ ഒരു വിഷയം കൂടിയാണ്.

### ലക്ഷ്യം

- ഗണിതത്തോട് താൽപര്യം വളർത്തുന്നതിന്

### പ്രവർത്തനം

- ഗണിത പസിലുകൾ
- അതിഥി ക്ലാസുകൾ
- മെട്രിക് മേള

### കാലയളവ്

- വർഷം മുഴവൻ

# വെളിച്ചം

ബുദ്ധിപരമായും, ശാരീരികമായും, മാനസികപരമായും വ്യത്യസ്ത നിലവാരക്കാരാണ് കുട്ടികൾ. ചില കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. അത്തരം കുട്ടികളെ എഴുത്തിലും വായനയിലും മുമ്പോട്ട് എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനമാണ് വെളിച്ചം.

## ലക്ഷ്യങ്ങൾ

- ✗ എല്ലാ കുട്ടികൾക്കും എഴുത്തും വായനയും ഉറപ്പിക്കൽ.

## പ്രവർത്തനങ്ങൾ

- ✗ അക്ഷരകാർഡുകൾ
- ✗ പദകാർഡുകൾ
- ✗ ചിത്രങ്ങൾ ഉപയോഗിച്ച് എഴുത്തും വായനയും.

## നാടിന്റെ വിദ്യാലയം

ഒരു വിദ്യാലയത്തിന്റെ വളർച്ചയും നിലനിൽപ്പിനും നാടിന്റെ പിന്തുണ കൂടിയേ തീരൂ. ഇവരുടെ സഹായത്തോടെ സ്കൂൾ വാർഷികവും വിവിധ ആഘോഷ പരിപാടികളും ഈ വർഷം ആസൂത്രണം ചെയ്യുന്നു.

### ലക്ഷ്യങ്ങൾ

- ➔ കൂട്ടായ പ്രവർത്തനങ്ങളിലൂടെ നാടും വിദ്യാലയവും കൂടുതൽ അടുക്കുന്നു.

### പ്രവർത്തനങ്ങൾ

- ➔ വാർഷിക പരിപാടിയിലേക്കുള്ള നൃത്ത പരിപാടികൾക്ക് പ്രത്യേക പരിശീലനം.

# ഉപസംഹാരം

*എ. എം. എൽ പി കരിമ്പുഴ സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെയും ലക്ഷ്യത്തോടെയും തയ്യാറാക്കിയതാണ് ഈ മാസ്റ്റർപ്ലാൻ. കുട്ടിയുടെ സർവതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേൻമയുള്ള വിദ്യഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായുള്ള ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ രക്ഷിതാക്കളുടേയും, സമൂഹത്തിന്റെയും, ജനപ്രതിനിധികളുടേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഇത് തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്.*